രൂപയുള്ള ലിസ്റ്റ് സമർപ്പിച്ചു. എനിക്ക് അത് എങ്ങനെ ചെയ്യാൻ സാധിക്കും? എങ്കിലും പരമാവധി കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പത്ത് സ്കൂൾ കെട്ടിടങ്ങൾക്കുവേണ്ടി 27.18 കോടി രൂപ സപ്ലിമെന്ററി ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്.

(35) വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസ്

ശ്രീ. മാത്യു റ്റി. തോമസ്: സർ, കേരള വാട്ടർ അതോറിറ്റിയുടെ അടൂർ പ്രോജക്ട് ഡിവിഷനും പത്തനംതിട്ട ഡിവിഷനും കൊല്ലം സർക്കിളിന്റെ കീഴിലും തിരുവല്ല ഡിവിഷൻ കോട്ടയം സർക്കിളിന്റെ കീഴിലുമായതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് നേരിടുകയാണ്. അതുകൊണ്ട് പത്തനംതിട്ട ജില്ലയിൽ വളരെയധികം സ്ഥലസൗകര്യമുള്ള തിരുവല്ല കേന്ദ്രമായി ഒരു സർക്കിൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ പത്തനംതിട്ട ഡിവിഷൻ ഓഫീസും അടൂർ പ്രോജക്ട് ഡിവിഷൻ ഓഫീസും കൊല്ലം സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗിന്റെ കീഴിലും തിരുവല്ല ഡിവിഷൻ ഓഫീസ് കോട്ടയം സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗിന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ട്. ഈ സാഹചര്യത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

(36) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, എന്റെ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിനേയും നീലേശ്വരം മുനിസിപ്പാലിറ്റിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് നടപ്പിലാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഏഴര കോടി രൂപയിൽ തുടങ്ങി ഇപ്പോൾ അൻപത്തി ഏഴ് കോടി രൂപ വേണമെന്നാണ് പറയുന്നത്. ഇതിനുമുൻപ് നാലോ അഞ്ചോ തവണ തുടർച്ചയായി ഈ പ്രശ്നം സഭയിൽ ഉന്നയിച്ചതാണ്. അടിയന്തരമായി ഈ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കാര്യങ്കോട് പുഴയ്ക്കു കുറുകെ പാലായി വളവ് എന്ന സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പരിഗണനയിലുണ്ട്. നീലേശ്വരം മുനിസിപ്പാലിറ്റിയെയും കയ്യൂർ - ചീമേനി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാധ്യമാക്കുന്നതോടൊപ്പം ഉപ്പുവെള്ളം തടയുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ളക്ഷാമം പരിഹരിക്കുക, ഭൂഗർഭ ജലം നിലനിർത്തുക, ടൂറിസം വികസനത്തിനുവേണ്ട അടിസ്ഥാനസൗകര്യമൊരുക്കുക എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ ഏഴിമല നാവിക അക്കാഡമി, കണ്ണൂർ ജില്ലയിലെ പെരിങ്ങോം സി.ആർ.പി. ക്യാമ്പ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നീലേശ്വരം മുനിസിപ്പാലിറ്റി, കയ്യൂർ, ചീമേനി, ചെറുവത്തൂർ, കിനാലൂർ, കരിന്തളം, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും കേരള വാട്ടർ അതോറിറ്റി അധീനതയിൽ നടപ്പാക്കിവരുന്ന നിരവധി പദ്ധതികൾക്ക് നീലേശ്വരം, കാഞ്ഞങ്ങാട് മുനിപ്പാലിറ്റികൾക്കും പഞ്ചായത്ത് കുടിവെള്ള സ്കീമുകൾക്കും ഈ പദ്ധതിവഴി കുടിവെള്ളമെത്തിക്കാൻ കഴിയും. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായി വളവിൽ എസ്. ഡബ്ല്യു. ഇ. റെഗുലേറ്റർ കം ബ്രിഡ്ജിനായി ഐ.ബി.ആർ.ഡി. അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള 57 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

(37) ബിൽ തുക മാറ്റി കൊടുക്കൽ

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> സർ, കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം, കൊട്ടാരക്കര ഡിവിഷനുകളിൽപ്പെട്ട വിവിധ ഓഫീസുകളിൽ മെയിന്റനൻസ് വർക്ക് നടത്തുന്ന അറുപത്തിയഞ്ചോളം കരാറുകാർ ഇന്ന് സമരത്തിലാണ്. അതുകാരണം കൊല്ലം ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു പണിയും നടക്കുന്നില്ല. അതുകൊണ്ട് കരാറുകാർക്ക് ഈ ബിൽ തുക മാറി ലഭിക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly